**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ സ്കൂളുകളിലെ ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളിലെ രണ്ട് അദ്ധ്യാപകർക്ക് വീതം ടീച്ചിംഗ് ഗ്രാന്റ് ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.2179/2019/ഉ.വി.വ തീയതി, തിരുവനന്തപുരം,06/12/2019.**

---

പരാമർശം : 1. 20/02/2019-ൽ Kerala Recognised Industrial School Manager's Association പ്രസിഡന്റ് സമർപ്പിച്ച നിവേദനം.

2. 22/06/2019-ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നമ്പർ. സി3/36133/18/ഡി.ടി.ഇ.

**<u>ഉത്തരവ്</u>**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എഫ്.ഡി.ജി.റ്റി കോഴ്സ് നടത്തുന്ന ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ടീച്ചിംഗ് ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് പരാമർശം (1) പ്രകാരം Kerala Recognised Industrial School Manager's Association പ്രതിനിധികൾ ആവശ്യപ്പെട്ടിരുന്നു.

പരാമർശം (2) പ്രകാരമുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ ഒരു ബാച്ചിൽ പന്ത്രണ്ടോ അതിലധികമോ വിദ്യാർത്ഥികൾ ഉള്ളതും 5 വർഷം തുടർച്ചയായി പ്രവർത്തിക്കുന്നതുമായ 33 ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ രണ്ട് അദ്ധ്യാപകർക്ക് വീതം ടീച്ചിംഗ് ഗ്രാന്റ് 2000/- രൂപയിൽ നിന്നും 3000/- രൂപയായി ഉയർത്തിയാലുണ്ടാകുന്ന ബാധ്യത 23,76,000/- രൂപയാണെന്നും (33x3000x2x12) പരാമർശിച്ചിട്ടുണ്ടായിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ബാച്ചിൽ പന്ത്രണ്ടോ അതിലധികമോ വിദ്യാർത്ഥികൾ ഉള്ളതും 5 വർഷം തുടർച്ചയായി പ്രവർത്തിക്കുന്നതുമായ എഫ്.ഡി.ജി.റ്റി

കോഴ്സ് നടത്തുന്ന 33 ഇൻഡസ്ട്രിയൽ സ്കൂളുകളിലെ 2 അദ്ധ്യാപകർക്ക് വീതം ടീച്ചിംഗ് ഗ്രാന്റ് 2000/- രൂപയിൽ നിന്നും 3000/- രൂപയായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല എസ്**
**അണ്ടർ സെക്രട്ടറി.**

പകർപ്പ്:-
1.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പ്രസിഡന്റ്, Kerala Recognised Industrial School Manager's Association (KRISMA), കറ്റാനം, പിൻ – 690 503
4..ഇൻഫർമേഷൻ ഓഫീസർ ,വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
5.www.highereducation.kerala.gov.in.
6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.